**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5307** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഫോസ്റ്റർ കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫോസ്റ്റർ കെയർ അനുമതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ബാലനീതി നിയമം 2015, ബാലനീതി മാതൃക ചട്ടങ്ങൾ 2016, കേന്ദ്ര സർക്കാരിന്റെ മോഡൽ ഗൈഡ് ലൈൻ ഫോർ ഫോസ്റ്റർ കെയർ 2016, സംസ്ഥാന സർക്കാരിന്റെ ഗൈഡ് ലൈൻ G.O (P) No. 1/2022/WCDD തീയതി 10/01/2022 എന്നിവ പ്രകാരമാണ് സംസ്ഥാനത്ത് ഫോസ്റ്റർ കെയർ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | ഫോസ്റ്റർ കെയർ അനുമതിക്കായി അപേക്ഷിക്കുന്നവരുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവിന്റെ കാരണങ്ങൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഫോസ്റ്റർ കെയറിന്റെ അനുമതിയ്ക്കായി അപേക്ഷിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഫോസ്റ്റർ കെയർ പദ്ധതിയിലൂടെ ഏറ്റെടുക്കപ്പെടുന്ന കുട്ടികൾക്ക് സർക്കാർ ധനസഹായം നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ഫോസ്റ്റർ കെയർ പദ്ധതിയ്ക്കായി ഐസിപിഎസ് മാർഗരേഖ പ്രകാരം ഓരോ കുട്ടിക്കും 2000/- രൂപ പ്രതിമാസ നിരക്കിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നു. കൂടാതെ കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതിയിലൂടെ ഒരു കുട്ടിയ്ക്ക് 2000/- രൂപ പ്രതിമാസ നിരക്കിൽ നൽകി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ ഏറ്റെടുക്കപ്പെടുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) | ബാലനീതി നിയമം 2015 പ്രകാരം സംസ്ഥാനത്തെ ഫോസ്റ്റർ കെയർ പദ്ധതിയുടെ നോഡൽ അതോറിറ്റി അതാത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റാണ്. ഫോസ്റ്റർ കെയറിനായി അപേക്ഷകൾ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ പ്രൊട്ടക്ഷൻ ഓഫീസർ/സോഷ്യൽ വർക്കർ അന്വേഷണം നടത്തുകയും, കുട്ടിക്ക് സുരക്ഷിതമായി ജീവിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ മാത്രമാണ് കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ഫോസ്റ്റർ കെയറിനായി നൽകുന്നത്. തുടർന്ന് ഫോസ്റ്റർ കെയറിന് നൽകിയ കുട്ടിയുടെ |

| | | | |
|---|---|---|---|
| | | | സാഹചര്യം ജില്ലാ ശിശു സംരക്ഷണ ഓഫീസിലെ ജീവനക്കാർ കൃത്യമായ ഇടവേളകളിൽ അന്വേഷണം നടത്തുകയും കുട്ടി സുരക്ഷിതമല്ലായെന്ന് ബോദ്ധ്യപ്പെട്ടുന്ന പക്ഷം കുട്ടിയെ തിരികെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഹാജരാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ